**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** **06-12-2022 - ൽ മറുപടിയ്ക്ക്**

**ലോട്ടറിയിൽ നിന്നുള്ള വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ദെലീമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഏറിയപങ്കും ലോട്ടറിയിൽ നിന്നും മദ്യത്തിൽ നിന്നുമാണെന്നുമുള്ള പ്രചരണം സംസ്ഥാന നേട്ടങ്ങളെ ഇകഴ്ത്തുമെന്നതിനാൽ ഇത് സംബന്ധിച്ച യഥാർത്ഥ വസ്തുതകൾ വെളിപ്പെടുത്താമോ; | (എ) | 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 116640.24 കോടി രൂപയാണ്. ഈ കാലയളവിൽ ലോട്ടറിയിൽ നിന്നുള്ള തനി വരുമാനം 559.64 കോടി രൂപയും എക്സൈസ് വകുപ്പ് ഡ്യൂട്ടിയായി പിരിച്ചെടുത്ത തുക 2009.37 കോടി രൂപയുമാണ്. ഈ കാലയളവിൽ മദ്യത്തിൽ നിന്ന് നികുതിയിനത്തിൽ ജി.എസ്.ടി. വകുപ്പ് പിരിച്ചെടുത്തത് 12700 കോടി രൂപയാണ്. |
| (ബി) | ലോട്ടറി വില്പനയിലൂടെ ഉപജീവനം നടത്തിവരുന്ന സാധാരണക്കാരുടെ ജീവിതമാർഗം തകർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രചരണങ്ങൾക്ക് വിരാമമിടുന്നതിനായി ലോട്ടറിയിൽ നിന്നുള്ള അസ്സൽ വരുമാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2021-22 സാമ്പത്തിക വർഷം ലോട്ടറിയിൽ നിന്നുള്ള വിറ്റുവരവ് 7145.22 കോടി രൂപയാണ്. |
| (സി) | ലോട്ടറിയുടെ പേരിൽ നടക്കുന്ന ഓൺലൈൻ തട്ടിപ്പ് തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കുമോ? | (സി) | 22.04.2005 ലെ G.O.(P) No.382/2005/TD പ്രകാരം കേരളത്തിൽ ഓൺലൈൻ ലോട്ടറി നിരോധിച്ചിട്ടുള്ളതും ടി നിരോധനം ബഹു സുപ്രീം കോടതി അംഗീകരിച്ചിട്ടുള്ളതുമാണ്. ഭാഗ്യക്കുറി വകുപ്പിൽനിന്നും വില്പനയ്ക്കായി നല്കുന്ന ടിക്കറ്റുകൾ ഏജന്റുമാർ വെബ് പോർട്ടൽ, സാമൂഹിക മാധ്യമങ്ങൾ എന്നിവ മുഖേന വില്ക്കുന്ന പക്ഷം ടി ഏജന്റിന്റെ ഏജൻസി സസ്പെന്റ് ചെയ്യുന്നതുൾപ്പെടെ നടപടി സ്വീകരിക്കുമെന്നറിയിച്ചുകൊണ്ട് ലോട്ടറി വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വെബ് പോർട്ടൽ, സാമൂഹ്യമാധ്യമങ്ങൾ എന്നിവ മുഖേന കേരള ലോട്ടറി ടിക്കറ്റുകൾ വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് സൈബർ സെല്ലിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടാറുണ്ട്. |

സെക്ഷൻ ഓഫീസർ